**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2099** **21-06-2024 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിൽ പോലീസ് എയ്ഡ് പോസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | പാറശ്ശാല മണ്ഡലത്തൽ കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ ധനുവച്ചപുരം, അമ്പൂരി ഗ്രാമപഞ്ചായത്തിലെ അമ്പൂരി ജംഗ്ഷൻ എന്നിവിടങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | **പാറശാല മണ്ഡലത്തിലെ ധനുവച്ചപുരത്ത് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നിർദേശം അംഗീകരിച്ചിരുന്നില്ല. അമ്പൂരി ജംഗ്ഷനിൽ എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല.** |
| (ബി) | പ്രസ്തുത സ്ഥലങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന മാരായമുട്ടം പോലീസ് സ്റ്റേഷന് വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാരായമുട്ടം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്നതിന്റെ ഭാഗമായി കണ്ടെത്തിയിട്ടുള്ള പെരുങ്കടവിള വില്ലേജിൽ ബ്ലോക്ക് നമ്പർ 25-ൽ റീസർവ്വേ നമ്പർ 645/2-ൽ ഉൾപ്പെട്ട 9 ആർ സ്ഥലം പോലീസ് വകുപ്പിന് വിട്ട് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ